(ഇ) 31-5-2014-ന് ഹയർസെക്കണ്ടറി ഡയറക്ടറുടെ പി.എ. ആയി വിരമിച്ചയാളിന് 21-6-2014 ജി.ഒ. (ആർടി.) നമ്പർ 2446/2014/പൊ.വി.വ പ്രകാരം പുനർനിയമനം നൽകിയകാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(എഫ്) എങ്കിൽ വിരമിച്ചയാളിന് പുനർനിയമനം നൽകാനുണ്ടായ സാഹചര്യം വിശദമാക്കാമോ ;

(ജി) ഈ ഒഴിവിൽ വകുപ്പിൽനിന്ന് നിയമിക്കാൻ അർഹതയുള്ളവർ ഇല്ലായിരുന്നോ എന്നറിയിക്കുമോ ;

(എച്ച്) ചട്ടവിരുദ്ധമായ പ്രസ്തുത നിയമനവും സമാനമായ മറ്റ് നിയമനങ്ങളും റദ്ദാക്കാൻ നടപടികൾ സ്വീകരിക്കുമോ ?

ഉത്തരം

(എ) KS & SSR- ലെ പാർട്ട് II ചട്ടം 36 പ്രകാരവും KSR-ലെ പാർട്ട് I ചട്ടം 8 പ്രകാരവും സർവ്വീസിൽനിന്ന് വിരമിച്ചവർക്ക് കരാടിസ്ഥാനത്തിലും അല്ലാതെയും പുനർ നിയമനം നൽകുവാൻ വ്യവസ്ഥയുണ്ട്.

(ബി-എച്ച്) വിവരം ശേഖരിച്ചുവരുന്നു.

സർവ്വീസിൽ ശൂന്യവേതനാവധി എടുത്ത ജീവനക്കാരുടെ എണ്ണം

39 (7598) ശ്രീ. കോടിയേരി ബാലകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാന സർവ്വീസിൽ ശമ്പളരഹിതാവധി എടുത്ത എത്ര ജീവനക്കാരുണ്ടെന്ന് അറിയിക്കുമോ ;

(ബി) ശൂന്യവേതനാവധി എടുത്ത് വിദേശരാജ്യങ്ങളിൽ ജോലി തേടിപ്പോയിട്ടുള്ളവർ എത്രയാണെന്ന് വിശദമാക്കുമോ ;

(സി) ഇതിൽ അഞ്ച് വർഷം, അഞ്ച് വർഷത്തിലധികം പത്തുവർഷത്തിലധികം അവധിയെടുത്ത എത്രപേരുണ്ടെന്ന് വിശദമാക്കുമോ ?

ഉത്തരം

(എ-സി) വിവരം ശേഖരിച്ചുവരുന്നു.

സർവ്വീസിൽനിന്നും വിരമിച്ച ജീവനക്കാർക്ക് പുനർനിയമനം

40 (7599) ശ്രീ. കോടിയേരി ബാലകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽവന്ന് നാളിതുവരെ സർവ്വീസിൽ നിന്ന് വിരമിച്ച ഐ.എ.എസ്., ഐ.പി.എസ്. ഉൾപ്പെടെയുള്ള എത്ര ജീവനക്കാർക്ക് പുനർനിയമനം നൽകിയിട്ടുണ്ടെന്ന് വിശദമാക്കാമോ ;

(ബി) ഏതൊക്കെ തസ്തികകളിലാണ് ഇവർക്ക് നിയമനം നൽകിയ തെന്ന് വിശദമാക്കാമോ ;

LIBRARY ARCHIVES Kerala Legislative Assembly

(സി) ഇവരുടെ സേവന-വേതന വ്യവസ്ഥ വിശദീകരിക്കാമോ ;

(ഡി) ഇവർക്കെല്ലാവർക്കും ചേർന്ന് പ്രതിമാസം എന്തുതുക ചെലവഴിക്കേണ്ടി വരുമെന്ന് വെളിപ്പെടുത്താമോ ?

ഉത്തരം

(എ-ഡി) വിവരം ശേഖരിച്ചുനൽകുന്നതാണ്.

കമ്പനി/ബോർഡ്/കോർപ്പറേഷനിലെ ജീവനക്കാരുടെ വിരമിക്കൽ പ്രായം ഉയർത്താൻ നടപടി

41 (7600) ശ്രീ. റ്റി. എ. അഹമ്മദ് കബീർ : താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

സംസ്ഥാനത്ത് വിവിധ കമ്പനി/ബോർഡ്/കോർപ്പറേഷനിലെ ജീവനക്കാരുടെ വിരമിക്കൽ പ്രായം ഉയർത്താൻ നടപടി സ്വീകരിച്ചിട്ടുണ്ടോ ; ഇല്ലെങ്കിൽ പ്രസ്തുത വിഷയം പരിഗണനയിൽ ഉണ്ടോ ; വിശദാംശം നൽകുമോ ?

ഉത്തരം

സംസ്ഥാനത്തെ പൊതുമേഖലാ സ്ഥാപനങ്ങളിലെ ജീവനക്കാരുടെ വിരമിക്കൽ പ്രായം ഉയർത്തി 60 വയസ്സാക്കണമെന്ന് ആവശ്യപ്പെട്ട് നിരവധി നിവേദനങ്ങൾ സർക്കാരിൽ ലഭിച്ചിട്ടുണ്ടെങ്കിലും ഈ വിഷയത്തിൽ ഇതുവരെ പൊതുവായ തീരുമാനം ഒന്നും എടുത്തിട്ടില്ല. ഈ വിഷയം സർക്കാർ പരിശോധിച്ചുവരുന്നു.

പയ്യന്നൂർ സബ് കോടതിയിൽ പാർട്ട്ടൈം സ്വീപ്പറുടെ അധിക തസ്തിക

42 (7601) ശ്രീ. സി. കൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) 2010-ൽ പുതിയ കെട്ടിടത്തിലേക്ക് മാറിയ പയ്യന്നൂർ സബ് കോടതിയിൽ പാർട്ട് ടൈം സ്വീപ്പറുടെ അധിക തസ്തിക സൃഷ്ടിക്കാനുള്ള പ്രൊപ്പോസൽ സർക്കാരിന് ലഭിച്ചിട്ടുണ്ടോ ;

(ബി) പ്രസ്തുത പ്രൊപ്പോസൽ പരിശോധിച്ച് തസ്തിക സൃഷ്ടിക്കാൻ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ ; വിശദമാക്കാമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) പ്രസ്തുത പ്രൊപ്പോസലിന്മേൽ സബോർഡിനേറ്റ് ജുഡീഷ്യറിയിലെ ഹൈക്കോടതി രജിസ്ട്രാറോട് അധിക വിവരം ആരാഞ്ഞിരിക്കുകയാണ്. ആയത് ലഭ്യമാകുന്ന മുറയ്ക്ക് പരിശോധിച്ച് വേണ്ട നടപടികൾ സ്വീകരിക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly